## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1494** — 14/06/2013 ലെ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ കൃഷിനാശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | വരൾച്ച മൂലം പാലക്കാട് ജില്ലയിൽ എത്ര ഹെക്ടർ നെൽകൃഷിയാണ് ഉണങ്ങി നശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | വരൾച്ചമൂലം പാലക്കാട് ജില്ലയിൽ 6,500.244 ഹെക്ടർ നെൽകൃഷി ഉണങ്ങി നശിച്ചു. |
| (ബി) | പറമ്പിക്കുളം - ആളിയാർ വെള്ളം ലഭിക്കാത്തതിനാൽ ചിറ്റൂർ- പാലക്കാട് താലൂക്കുകളിൽ എത്ര ഹെക്ടർ സ്ഥലത്താണ് വിളവിറക്കുവാൻ സാധിക്കാതെ വന്നതെന്നു വ്യക്തമാക്കുമോ : | (ബി) | പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാത്തതിനാൽ ഈ പ്രദേശങ്ങളിൽ 3233 ഹെക്ടർ സ്ഥലത്ത് വിളവിറക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. |
| (സി) | എത്ര കൃഷിക്കാർക്കാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളത്; | (സി) | ആകെ 14,394 കർഷകർക്കാണ് കൃഷിനാശം സംഭവിച്ചിട്ടുണ്ട്. |
| (ഡി) | എത്ര കോടി രൂപയാണ് നഷ്ടം കണക്കാക്കിയിട്ടുള്ളത്; | (ഡി) | 35,07,04,800/- രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. |
| (ഇ) | കൃഷിക്കാർക്ക് ഇതിനകം എത്ര രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്; | (ഇ) & (എഫ്) | കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | ഇനി എത്ര രൂപയാണ് കൊടുത്തു തീർക്കുവാനുള്ളത്? | | |

സെക്ഷൻ ഓഫീസർ